(d) what action has been taken in the matter?

Rama Varmha Tampuran.—(a) Yes.

(b) No.

(c) and (d) No answer is necessary in view of answer to (b).

Maharaja's College–facilities for the Study of Arabic.

260. മിസ്റ്റർ ഇസ്മായിൽഹാജി ഇസ്സാസേട്ട്.— (എ) മഹാരാജാസ് കോളേജിൽ ഇൻർമീഡിയറിനു പഠിക്കുന്ന മുസ്ലീം വിദ്യാർത്ഥികളിൽ അറബിക്ക് ഐശ്ചികവിഷയമായി എടുത്തിട്ടുള്ളവരുടെ പഠനത്തിനു ഗവൺമെൻറ് എന്തെങ്കിലും സൌകര്യം ചെയ്തുകൊടുത്തിട്ടുണ്ടോ;

(ബി.) ഒരു അറബിക്ക് പ്രൊഫസറെ നിയമിപ്പാൻ തരമില്ലാത്ത പക്ഷം ഹൈസ്കൂൾ അറബിക്ക് പണ്ഡിറ്റിനെ പ്രസ്തുത ജോലിക്കുടി നിർവ്വഹിപ്പാൻ മുമതലപ്പെടുത്തണമെന്നു വല്ല അപേക്ഷകളും ഗവൺമെണ്ടിനു കിട്ടീട്ടുണ്ടോ;

(സി.) ഉണ്ടെങ്കിൽ അപ്രകാരം ചെയ്യാതിരിപ്പാൻ കാരണമെന്തു;

(ഡി.) മേൽപ്രകാരം ചെയ്യുവാൻ തരമില്ലാത്തപക്ഷം പ്രസ്തുത വിദ്യാർത്ഥികളുടെ പഠന സൌകര്യാർത്ഥം (സകാര്യമായി പഠിപ്പാനെങ്കിലും) സീനിയർ അറബിക്ക് പണ്ഡിതരെ എറണാകുളം ഹൈസ്കൂളിലേക്കു സ്ഥലംമാറ്റം ചെയ്യണമെന്ന് അപേക്ഷ കിട്ടീട്ടുണ്ടോ;

(ഇ.) ഉണ്ടെങ്കിൽ അപ്രകാരം ചെയ്യാതിരിപ്പാൻ കാരണമെന്തു?

മിസ്റ്റർ ഐ. എൻ. മേനോൻ.— (എ.) ഇല്ല.

(ബി.) ഉവ്വ്.

(സി.) ഒരു ഹൈസ്കൂളിൽ ജോലിയുള്ള പണ്ഡിതർ കോളേജ് വിദ്യാർത്ഥികളെ കൂടി പഠിപ്പിക്കുക എന്നതു യൂണിവേർസിറ്റിക്ക് സമീകാര്യമായിരിക്കുകയില്ലെന്നു ബോദ്ധ്യമായതിനാൽ.

(ഡി.) ഉവ്വ്.

(ഇ.) രണ്ടു പണ്ഡിതന്മാരുടേയും പരീക്ഷായോഗ്യത തുല്യമാകകൊണ്ടും പ്രസ്തുത മാറ്റം ആവശ്യമായി തോന്നിയില്ല.

Statistics—Depressed class Students—1104 and 1110.

261. മിസ്റ്റർ കെ. പി. വള്ളോൻ.— ഫാർ-ൽ ഈ രാജ്യത്തു് എത്ര അധഃകൃതവിദ്യാർത്ഥികൾ വിദ്യാഭ്യാസം ചെയ്തിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly